# പതിനാലാം കേരള നിയമസഭ
## പത്തൊൻപതാം സമ്മേളനം

04.03.2020 ലെ മറുപടി

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ.851

## പള്ളിക്കലാറിൽ തടയണ നിർമ്മിച്ചതിനെത്തുടർന്നുള്ള സാഹചര്യം

**ചോദ്യം**

ശ്രീ.ആർ.രാമചന്ദ്രൻ:

**മറുപടി**

കെ.കൃഷ്ണൻകുട്ടി
(ജലവിഭവ വകുപ്പുമന്ത്രി)

(എ) കരുനാഗപ്പള്ളി മണ്ഡലത്തിൽ പള്ളിക്കലാറിൽ തടയണ നിർമ്മിച്ചതിനെത്തുടർന്ന് മഴക്കാലത്ത് വെള്ളത്തിന്റെ നില ഉയരുന്നതുകാരണം കൃഷിനാശവും പ്രദേശവാസികൾക്ക് മറ്റ് ബുദ്ധിമുട്ടുകളും ഉണ്ടാകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത വിഷയം പരിഹരിക്കുന്നതിന് എന്തെല്ലാം നിർദ്ദേശങ്ങളാണ് ജലവിഭവ വകുപ്പ് മുന്നോട്ട് വച്ചിട്ടുള്ളതെന്ന് വിശദീകരിക്കുമോ;

(സി) മഴക്കാലമെത്തുന്നതിന് മുമ്പായി പള്ളിക്കലാറ്റിലെ തടയണ നിർമ്മിച്ചതുമൂലമുണ്ടാകുന്ന പ്രളയ സമാനമായ സാഹചര്യം ഒഴിവാക്കുന്നതിനുള്ള അടിയന്തര നടപടി സ്വീകരിക്കുമോ; വിശദാംശം നൽകുമോ?

(എ)യും (ബി)യും (സി)യും

പള്ളിക്കലാറിന് കുറുകെ നിർമ്മിച്ച തടയണമൂലം കൃഷിനാശം സംഭവിച്ചതായി ശ്രദ്ധയിൽ പ്പെട്ടിട്ടില്ല. എന്നാൽ 2019-ലെ പ്രളയം മൂലം വെള്ളക്കെട്ടുണ്ടാകുകയും തഴവ വട്ടക്കായലിലെ കൃഷി ആരംഭിക്കാൻ താമസം നേരിട്ടതായും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട് .

പ്രസ്തുത വിഷയം പരിഹരിക്കുന്നതിനായി റ്റി.എ. കനാലിലും വട്ടക്കായലിലും അടിഞ്ഞു കൂടിയ ചെളിയും മാലിന്യവും കളകളും മറ്റു തടസ്സങ്ങളും ഒഴിവാക്കി തഴവ പഞ്ചായത്തിലെ വട്ടക്കായലിന്റെ ബണ്ട് ബലപ്പെടുത്തുകയും എഞ്ചിൻ തറ ഉയർത്തുകയും ചെയ്തിട്ടുണ്ട് . പ്രളയം മൂലമുണ്ടാകുന്ന വെള്ളക്കെട്ട് ഒഴിവാക്കുന്നതിനായി സ്ഥായിയായ പരിഹാരമാർഗ്ഗം സ്വീകരിക്കുന്നതാണ്.

സെക്ഷൻ ഓഫീസർ